10
ആഗസ്റ്റ് 2023
വ്യാഴം
Pages- 5
Vol. 2 Issue 188

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

557

# ക്രിസ്ത്യാനികളുടെ സുരക്ഷ ഉറപ്പുവരുത്തും: ഇസ്രായേൽ



പേജ് 3 കാണുക



## മണിപ്പൂരിനെക്കുറിച്ച് പ്രതികരിക്കാതെ അവിശ്വാസ പ്രമേയത്തിൽ മോദിയുടെ മറുപടി

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 10 വ്യാഴം



# കേരളം' മതിയെന്ന് ഏകകണ്ഠമായി 'കേരളം'

**കേ**രളത്തിനായി കേരളം വീണ്ടും ഒന്നിച്ചു. ഭരണഘടനയിലെ ' കേരള യെ ' കേരളം' ആയി മാറ്റണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം കേരള നിയമസഭ ഏകകണ്ഠമായി പാസാക്കി. ഭരണഘടനയിലെ ഒന്നാം പട്ടികയിൽ കേരള എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇത് കേരളം എന്നാക്കി ഭേദഗതി ചെയ്യുന്നതിനുള്ള നടപടി ഭരണഘടനയുടെ അനുഛേദം 3 പ്രകാരം കൈക്കൊള്ളണം. ഭരണഘടനയുടെ എട്ടാം പട്ടികയിൽ എല്ലാ ഭാഷകളിലും ' കേരളം' എന്ന് മാറ്റണമെന്നും പ്രമേയത്തിൽ അഭ്യർത്ഥിച്ചു. മലയാള ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കായി ഐക്യ കേരളം രൂപപ്പെടണമെന്നതു സ്വാതന്ത്ര്യസമരകാലം മുതൽ ഉയർന്നുവന്ന ആവശ്യമാണെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നു. ഈ അടിസ്ഥാന ആവശ്യങ്ങൾക്കായി രാഷ്ട്രീയ കക്ഷി വ്യത്യാസം കൂടാതെ ഒന്നിച്ചത് ഏറെ പ്രശസ്തനീയമായ കാര്യമാണ്.

ഇതിനുമുമ്പും കേരളത്തെ ബാധിക്കുന്ന പൊതു വിഷയങ്ങൾക്കായി ഒന്നിച്ച്നിന്ന് ഇത്തരം പ്രമേയങ്ങൾ പാസാക്കിയ ചരിത്രം നിയമസഭയ്ക്ക് ഉണ്ട്. കേരളത്തിന്റെ പൊതു ആവശ്യങ്ങൾക്കായി കേന്ദ്രത്തിൽ അടിയന്തരമായി ശ്രദ്ധ ചെലുത്തുന്നതിനായി ഇത്തരം യോജിപ്പുകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അത് കേന്ദ്രത്തിൽ നിന്നും വിഹിതങ്ങൾ ലഭിക്കുന്നതിനും അടിയന്തരമായ ശ്രദ്ധ കിട്ടുന്നതിനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും മാത്രം പോരാ, മറിച്ച് മറ്റു ചില വിഷയങ്ങൾക്കും ഒന്നിക്കേണ്ടതായിട്ടുണ്ട് കേരളം തെരഞ്ഞെടുത്ത സാമാജികർ. കേരളത്തിലെ സാധാരണ ജനങ്ങളെ സാരമായി ബാധിക്കുന്ന വിവിധ വിഷയങ്ങളും അടിയന്തിരമായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധ ലഭിക്കേണ്ട വിഷയങ്ങളും നേടിയെടുക്കുന്നതിനും അത് നടപ്പിൽ വരുത്തുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്. അതുപോലെ തന്നെ അർബുദം പോലെ സമൂഹത്തെ കാർന്നു തിന്നുന്ന സാമൂഹിക തിന്മകൾക്കും വിപത്തുകൾക്കും എതിരെ പ്രതികരിക്കാനും പ്രതിഷേധിക്കാനും നിയമം മൂലം നിർമൂലമാക്കുവാനും സഭയുടെ ഒരുമ അത്യാവശ്യമാണ്. വിലക്കയറ്റം പിടിച്ചുനിർത്തി ജനങ്ങളുടെ സാധാരണ ജീവിതം മെച്ചപ്പെടുത്തുവാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുവാനും, അതുപോലെ വിദ്യാഭ്യാസമേഖല, ആരോഗ്യ മേഖല മറ്റു പുരോഗമന പ്രവർത്തനങ്ങൾക്കും, നാടിന്റെ വികസനത്തിനും നന്മയ്ക്കും ഉതകുന്ന വിവിധ പദ്ധതികൾ കേന്ദ്രത്തിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനും ജനോപകാരപ്രദമായ വിവിധ സംരംഭങ്ങൾക്ക് അനുവാദവും ഒപ്പം അനുബന്ധമായ വിഹിതങ്ങളും അനുവദിച്ചു
കിട്ടേണ്ടതിനായി ഇത്തരം കൂട്ടായ യത്നങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

വിനോദസഞ്ചാരത്തിനും, പാരമ്പര്യ ചികിത്സാരീതികൾക്കും,ഒരുപാട് സാധ്യതകൾ ഉള്ള കേരളത്തിൽ കേന്ദ്രത്തിന്റെ കൂടി സഹായത്തോടുള്ള പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതിനായി ഒന്നിച്ച് പ്രവർത്തിക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യണം.അതുപോലെതന്നെ റെയിൽവേ, റോഡ്, തീർദേശ മലയോര ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് ക്രിയാത്മകമായി നടപ്പിൽ വരുത്തുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്. മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മേൽ പ്രസ്താവിച്ച വിഷയങ്ങൾക്ക് അടിയന്തര പ്രാധാന്യം ലഭിക്കേണ്ടതും ഒപ്പം പദ്ധതി വിഹിതങ്ങൾ നേടിയെടുക്കുന്നതിന് കൂടുതൽ ശ്രദ്ധയും സമ്മർദ്ദവും ചെലുത്തേണ്ടതിനായി സഭയുടെ അംഗങ്ങളുടെ യോജിപ്പും കേരളത്തിൽ നിന്നും എം പി മാരുടെ സംയോജിതമായി ഇടപെടലും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഭാഷ പരമായും, വികസനത്തിന്റെ കാര്യത്തിലും പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിലും സംസ്ഥാനങ്ങളുടെ വികസനം ലഭിക്കേണ്ട കൂടുതൽ മേഖലയ്ക്ക് വേണ്ട ശ്രദ്ധയും ഒപ്പം ആവശ്യമായ ഫണ്ടും നേടിയെടുക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങൾ കൂടുതൽ പ്രായോഗികമായി ചിന്തിക്കുകയും ഒന്നിച്ചു നിന്ന് പോരാടി അത് നേടിയെടുക്കുകയും ചെയ്യുന്ന കാഴ്ച തെല്ല സൂയയോട് കൂടിയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. കക്ഷി രാഷ്ട്രീയവും അഭിപ്രായം ഭിന്നതയും സ്വജനപക്ഷപാതവും തൻപൊരിമയും ഒക്കെ മറന്ന് കേരളത്തിന്റെ പൊതു ആവശ്യങ്ങൾക്കായി ഇനിയും ഒന്നിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാടിന്റെ വികസനം, ശാന്തവും സമൃദ്ധവുമായ ജീവിതം , പരസ്പര ബഹുമാനത്തോടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും അംഗീകരിച്ച് ജീവിത മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പൊതു ലോകത്തിനു മുമ്പിൽ മാതൃകാപരമായ ജീവിതം കാഴ്ച വെക്കുന്ന മലയാളത്തിന്റെ ജീവിത ശൈലി കെട്ടിപ്പെടുക്കുവാനും കൂട്ടായ ഒരു യത്നം ഉണ്ടാകട്ടെ . അത് ജനപ്രതിനിധികൾ മാത്രമല്ല കേരളം ഒറ്റക്കെട്ടായി നിന്ന് അത് നേടിയെടുക്കുവാൻ കഴിയട്ടെ. ഇത് നമ്മുടെ പ്രതിജ്ഞയായി മാറട്ടെ.



ഷാജൻ പാറക്കടവിൽ

## റ്റി.പി.എം തിരുവല്ല സെന്റർ: സ്പെഷ്യൽ ബൈബിൾ ക്ലാസ്സുകൾ ആഗസ്റ്റ് 27 മുതൽ

തിരുവല്ല: ദി പെന്തെക്കോസ്ത് മിഷൻ തിരുവല്ല സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 27 ഞായർ മുതൽ 29 ചൊവ്വ വരെ സ്പെഷ്യൽ ബൈബിൾ ക്ലാസുകൾ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിനു സമീപമുള്ള റ്റി പി എം സെന്റർ ഫെയ്ത്ത് ഹോമിൽ നടക്കും. 27, 28, 29 തീയതികളിൽ വൈകിട്ട് 5.45 ന് 'സ്വർഗ്ഗവും നരകവും' എന്ന വിഷയത്തെ ആസ്പദമാക്കി സ്പെഷ്യൽ ബൈബിൾ ക്ലാസ്സും 28, 29 തീയതികളിൽ രാവിലെ 9.30 ന് ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. സഭയുടെ സീനിയർ ശുശ്രൂഷകർ യോഗങ്ങൾക്ക് നേതൃത്വം നൽകും.

## ഐപിസി സണ്ടേസ്കൂൾ അസ്സോസിയേഷൻ തൃശൂർ മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു



Pr. Anil Kurian Dr. Sajan C Jacob Bro. A C Timothy



Pr. Subeesh K V Pr. Roy Cheriyan Pr. Thomas John Pr. Sunil T

തൃശൂർ: ഐപിസി മുല്ലക്കര സഭയിൽ ഐപിസി സണ്ടേസ്കൂൾ തൃശൂർ സോണൽ വാർഷിക ജനറൽ ബോഡി നടന്നു. ഓഗസ്റ്റ് 6 ന് പ്രസിഡണ്ട് കെ.പി. ജോസ് അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് കൗൺസിൽ അംഗം കെ.എം. ദാനിയേലിന്റെ നേതൃത്വത്തിൽ 2023 2026 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.
പ്രസിഡണ്ടായി പാസ്റ്റർ അനിൽ കുര്യൻ( തൃശൂർ ഈസ്റ്റ്), വൈസ് പ്രസിഡണ്ടായി പാസ്റ്റർ.സുബീഷ് കെ.വി.( ഇരിഞ്ഞാലക്കുട), സെക്രട്ടറിയായി ഡോ. സാജൻ സി. ജേക്കബ്( കുന്നംകുളം), ജോ. സെക്രട്ടറിയായി പാസ്റ്റർ റോയ് ചെറിയാൻ(പീച്ചി), ട്രഷററായി എ.സി. തിമോത്തി( തൃശ്ശൂർ വെസ്റ്റ്), താലന്തു കൺ വീനറായി പാസ്റ്റർ തോമസ് ജോൺ(ഇരിങ്ങാലക്കുട), പബ്ലിസിറ്റി കൺവീനറായി പാസ്റ്റർ. സുനിൽ റ്റി.( പീച്ചി) എന്നിവരെയും കമ്മിറ്റി അംഗങ്ങളായി ജോയ് സി.എം. ( തൃശൂർ ഈസ്റ്റ്), പാസ്റ്റർ എൻ. പി.ജേക്കബ്( കുന്നംകുളം), ഇവാ: ജോയ് ജോസഫ്( തൃശൂർ വെസ്റ്റ്), തങ്കച്ചൻ പി.കെ.(തൃശൂർ സൗത്ത്) എന്നിവരെയും തിരഞ്ഞെടുത്തു. സോണൽ താലന്തു പരിശോധന ഒക്ടോബർ രണ്ടിന് (ഗാന്ധി ജയന്തി ദിനം) തിങ്കളാഴ്ച നടത്തപ്പെടും.

## സംസ്ഥാനത്തിന്റെ പേര് മാറ്റ പ്രമേയം ഐക്യകണ്ഠേന പാസാക്കി

തിരുവനന്തപുരം: സംസ്ഥാനത്തിൻറെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും കേരളം എന്നാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരോട് ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐക്യകണ്ഠേന പാസാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് നിയമസഭയിൽ പ്രമേയം അവതരിപ്പിച്ചത്. ഭരണഘടന അനുസരിച്ച് ഇതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ വേഗത്തിലാക്കണമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.പ്രമേയം പാസാക്കിയതോടെ 'കേരള' എന്നുള്ളത് 'കേരളം' എന്നാക്കി മാറ്റണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെടും. സംസ്ഥാനത്തിൻറെ ആവശ്യം അംഗീകരിച്ചാൽ ഇംഗ്ലീഷിലും മലയാളത്തിലും സംസ്ഥാനത്തിന്റെ പേര് കേരളം എന്നായിരിക്കും രേഖപ്പെടുത്തുക.

**Christian Live (Malayalam) Advertisement Tariff**

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:** Pr Sajo Thonikkuzhiyil, Pr. Titus Johnson, Pr. Sam Elambal, Joji Iype Mathews, Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# നൈജീരിയയിൽ വൈദികനെയും വൈദിക വിദ്യാർത്ഥിയെയും തട്ടിക്കൊണ്ടുപോയി

കടുന:നൈജീരിയയിൽ അക്രമികൾ തട്ടികൊണ്ടുപോയ വൈദികനും വൈദിവിദ്യാർത്ഥിക്കും വേണ്ടി പ്രാർഥന യാചിച്ച് നൈജീരിയൻ നഗരമായ മിന്നയിലെ ബിഷപ്പ് മാർട്ടിൻസ് ഇഗ്വെ ഉസൗക്കു. ആഗസ്റ്റ് മൂന്നിന് രാവിലെ നൈജർ നഗരത്തിലെ ഗ്യേദ്നയിലെ വൈദികവസതിയിൽ നിന്നാണ് കൊള്ളക്കാർ ഫാ. പോൾ സനോഗോയെയും വൈദികാർഥിയായ മെൽചിയോറിനെയും തട്ടിക്കൊണ്ടുപോയത്. ബുർക്കിന ഫാസോയിൽ നിന്നുള്ള ഫാ. സനോഗോ, വൈറ്റ് ഫാദേഴ്സ് എന്നറിയപ്പെടുന്ന സന്യാസ സമൂഹത്തിലെ അംഗമാണ്. മെൽക്കിയോർ ഡൊമിനിക് മഹിനിനി ടാൻസാനിയയിൽ നിന്നുള്ള വൈദികാർഥിയാണ്. ദൈവശാസ്ത്രപഠനത്തിനു മുൻപായി മിഷൻപ്രവർത്തനങ്ങൾക്കായി എത്തിയതായിരുന്നു മെൽക്കിയോർ.കർത്താവ് ഞങ്ങളുടെ പ്രാർഥന കേൾക്കുകയും സമാധാനത്തോടെ അവരെ തിരികെനൽകുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു ബിഷപ്പ് മാർട്ടിൻസ് പറഞ്ഞു. മുസ്ലീം തീവ്രവാദസംഘടനായ ബൊക്കൊ ഹാറാമിന്റെ ആക്രമണം ശക്തമായ ഉത്തര നൈജീരിയയിൽ തട്ടിക്കൊണ്ടുപോകലുകൾ പതിവായിരിക്കുകയാണ്. 2022ൽ ഇരുപതിലേറെ വൈദികർ ബന്ദികളാക്കപ്പെട്ടിരുന്നു.

# ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം: വീടുകൾ തകർന്നു



ഷിംല : ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം. സിർമൗർ ജില്ലയിലെ പോണ്ട സാഹിബ് മേഖലയിലാണ് മേഘവിസ്ഫോടനം ഉണ്ടായത്. നിരവധി വീടുകൾ തകർന്നു. ഒരു കുടുംബത്തിലെ അഞ്ച് പേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായി അധികൃതർ. അതേസമയം ഓഗസ്റ്റ് 15 വരെ സംസ്ഥാനത്ത് മഴ തുടരുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

ബുധനാഴ്ച രാത്രിയാണ് ജില്ലയിലെ പോണ്ട സാഹിബ് മേഖലയിൽ മേഘവിസ്ഫോടനം ഉണ്ടായത്. മേഘവിസ്ഫോടനത്തെ തുടർന്ന് മണാലി ദാദിയ ഗ്രാമത്തിലെ നിരവധി വീടുകളിൽ വെള്ളം കയറി. നിരവധി വീടുകൾ തകർന്നു. ഒരു പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥനും കുടുംബവും അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങികിടക്കുന്നതായാണ് വിവരം. ഇവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്മലഗി ദാദിയാത്തിലെ വസ്തുവകകൾക്ക് കനത്ത നാശനഷ്ടം സംഭവിച്ചതായി സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്റർ അറിയിച്ചു. ഗിരി നദിയിലെ ജലനിരപ്പും ഉയർന്നതായും അധികൃതർ. മേഘവിസ്ഫോടനത്തെത്തുടർന്ന് ദേശീയ പാത 707ന്റെ ഒരു ഭാഗം അടച്ചു. സംസ്ഥാനത്ത് 190 ഓളം റോഡുകൾ ഇപ്പോഴും അടച്ചിട്ടിരിക്കുകയാണ്. നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിനെ വിളിച്ചിട്ടുണ്ടെന്ന് ഭരണകൂടം അറിയിച്ചു.

# സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഡൽഹിയിൽ നിരോധനാജ്ഞ

ഡൽഹി :സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാജ്യതലസ്ഥാനമായ ഡൽഹിയിൽ സുരക്ഷ ശക്തമാക്കി. വിവിധ മേഖലകളിൽ നിരോധനാജ്ഞ ഏർപ്പെടുത്തി ഡൽഹി പൊലീസ്. രാജ്ഘട്ട്, ഐടിഒ, ചെങ്കോട്ട തുടങ്ങിയ പ്രദേശങ്ങളിൽ സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായാണ് 144 പ്രഖ്യാപിച്ചിരിക്കുന്നത്. അതേസമയം, ഡൽഹി അതിർത്തിയിൽ നിന്ന് പ്രവേശിക്കുന്ന വാഹനങ്ങളുടെയും മറ്റും പരിശോധന കർശനമാക്കിയിട്ടുണ്ട്. സ്വാതന്ത്ര്യദിനാഘോഷം കണക്കിലെടുത്ത് രാജ്ഘട്ട്, ചെങ്കോട്ട തുടങ്ങിയ പ്രദേശങ്ങളിൽ സെക്ഷൻ 144 ഏർപ്പെടുത്തിയതായി ഡൽഹി പൊലീസിന്റെ സെൻട്രൽ ഡിസ്ട്രിക്ട് ഡിസിപി ട്വീറ്റ് ചെയ്തു. ഈ പ്രദേശങ്ങളിൽ ആളുകൾ കൂട്ടം കൂടാനും സമരങ്ങളും സത്യഗ്രഹങ്ങളും നടത്താനും അനുവദിക്കില്ലെന്നും പൊലീസ് അറിയിച്ചു. അതേസമയം ബ്രിജ് ഭൂഷൺ ശരൺ സിംഗിനെതിരെ ഒളിമ്പിക്സ് മെഡൽ ജേതാക്കളായ സാക്ഷി മാലിക്, വിനേഷ് ഫോഗട്ട്, ബജ്രംഗ് പുനിയ എന്നിവർ ഇന്ന് ഉച്ചയ്ക്ക് 12:30ന് രാജ്ഘട്ടിൽ വാർത്താസമ്മേളനം നടത്താനിരിക്കെയാണ് രാജ്ഘട്ട്, ചെങ്കോട്ട മുതലായവയ്ക്ക് ചുറ്റും ഡൽഹി പൊലീസ് സെക്ഷൻ 144 പ്രഖ്യാപിച്ചിരിക്കുന്നത്.

# ആലയത്തിൽ കയറരുത്; നിബന്ധനകളോടെ സുവിശേഷകരെ വിട്ടയച്ചു



ഇൻഡോർ:മധ്യപ്രദേശിലെ ഇൻഡോറിൽ ആരാധനാലയത്തിൽ അതിക്രമിച്ചു കയറി പോലീസ് അറസ്റ്റ് ചെയ്ത സുവിശേഷകരെ അധികാരികൾ വിട്ടയച്ചതായി പേഴ്സിക്യൂഷൻ റിലീഫ് ചെയർമാൻ പാ. ഷിബു തോമസ് അറിയിച്ചു.

ഐ പി സി സഭാശുശ്രൂഷകനായ പാ. മൈക്കിൾ മാത്യുവിനെയും പാ. ജോമോനെയുമായാണ് അറസ്റ്റ് രേഖപ്പെടുത്താതെ പൊലിസ് അല്പം മുമ്പ് വിട്ടയച്ചത്. എന്നാൽ ആരാധനാലയത്തിൽ പ്രവേശിക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സഭയിൽ പ്രസംഗിക്കുവാൻ എത്തിയ പാസ്റ്റർ സാം കുമരകത്തെയും പൊലിസ് ചോദ്യം ചെയ്തിരുന്നു.

സുവിശേഷ വിരോധികൾ സംഘടിച്ച് ആക്രമിക്കുവാനായി ആലയത്തിന്റെ കോമ്പൗണ്ടിന് ചുറ്റും മുമ്പ് എത്തിയിരുന്നു.

ദൈവസഭയുടെ പ്രാർത്ഥനകൊണ്ട് മാത്രമാണ് സുവിശേഷകരുടെ മോചനം സാധ്യമായതെന്ന് പാ. ഷിബു തോമസ് മാധ്യമങ്ങളോട് പറഞ്ഞു.

## നിത്യതയിൽ



പോരുവഴി : ഇടയ്ക്കാട് ചൂളപ്പറമ്പിൽ പരേതനായ സി യോഹന്നാന്റെ സഹധർമ്മിണി മറിയാമ്മ യോഹന്നാൻ (96) നിത്യതയിൽ പ്രവേശിച്ചു. ഐ പി സി എബനേസർ ഇടയ്ക്കാട് സഭാംഗമായ പരേത പോരുവഴിയിലെ ആദ്യകാല പെന്തക്കോസ്ത് വിശ്വാസിയാണ്. സംസ്കാര ശുശ്രൂഷകൾ 12. 08. 2023 ശനിയാഴ്ച രാവിലെ 8. 30 ന് ഐപിസി എബനേസർ ഇടയ്ക്കാട് സഭയിൽ ആരംഭിച്ച് 12. 30ന് സഭാ സെമിത്തേരിയിൽ അടക്കം ചെയ്യുന്നതാണ്.


മക്കൾ : വൈ അമ്മിണി, പാസ്റ്റർ സി വൈ തങ്കച്ചൻ (സീനിയർ പാസ്റ്റർ, അസംബ്ലീസ് ഓഫ് ഗോഡ്), വൈ ലൂക്കോസ് (ഘമലേ), ലീലാമ്മ ഫിലിപ്പ്, വൈ ബെന്യാമിൻ, പാസ്റ്റർ സി വൈ സംകുട്ടി, (ഐപിസി മരപ്പാലം, തിരുവന്തപുരം), പാസ്റ്റർ സി വൈ പൊന്നച്ചൻ,
(അസംബ്ലീസ് ഓഫ് ഗോഡ്, കല്യാൺ), വൈ ബിജു, പാസ്റ്റർ സി വൈ രാജൻ, (അസംബ്ലീസ് ഓഫ് ഗോഡ്, ചവറ), ജോളി ജോൺ (കാനഡ)
മരുമക്കൾ :ബെന്നി പി എം (ഘമലേ), എലിസബത്ത് തങ്കച്ചൻ, ഓമന ലുക്കോസ്, ഡി ഫിലിപ്പ്, ഓമന ബെന്യാമിൻ, കുഞ്ഞുഞ്ഞമ്മ, ലീലാമ്മ പൊന്നച്ചൻ, ശോഭ ബിജു, ജെസ്സി രാജൻ, ജോൺ മാത്യു

# മണിപ്പൂരിനെക്കുറിച്ച് പ്രതികരിക്കാതെ അവിശ്വാസ പ്രമേയത്തിൽ മോദിയുടെ മറുപടി

ന്യൂഡൽഹി : മണിപ്പൂരിൽ സംഘർഷം രൂക്ഷമായി തന്നെ തുടരുമ്പോഴും വിഷയത്തിൽ ഒരക്ഷരം പോലുമുരിയാടാതെ അവിശ്വാസ പ്രമേയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മറുപടി. എൻഡിഎ സർക്കാരിന്റെ നേട്ടങ്ങൾ പറഞ്ഞാണ് മോദി പ്രസംഗം തുടങ്ങിയത്. 2024 ൽ എൻഡിഎ സർക്കാർ വീണ്ടും അധികാരത്തിലെത്തുമെന്ന് മോദി പറഞ്ഞു. മൂന്നാം ഊഴത്തിൽ ഇന്ത്യ ലോകത്തിലെ മൂന്നാം സാമ്പത്തിക ശക്തി ആയി മാറുമെന്നും മോദി പറഞ്ഞു. സർക്കാരിന്റെ നേട്ടങ്ങൾ എണ്ണിപ്പറയുന്നതിനിടെ കോൺഗ്രസിനെതിരെ തിരിഞ്ഞു.

ഉത്തർപ്രദേശ്, ബിഹാർ, ഗുജറാത്ത് സംസ്ഥാങ്ങളിലെ ജനങ്ങൾക്കും കോൺഗ്രസിൽ വിശ്വാസമില്ല. ത്രിപുരയിലെയും ഒഡീഷയിലെയും ജനങ്ങൾ കോൺഗ്രസിനെ പുറത്താക്കിയെന്നും മോദി പറഞ്ഞു. സർക്കാരിനെ പുകഴ്ത്തിയും പ്രതിപക്ഷത്തെ ഇകഴ്ത്തിയും സംസാരം തുടർന്ന മോദി സംഘർഷത്തിൽ പുകയുന്ന മണിപ്പൂരിനെക്കുറിച്ച് ഒരക്ഷരം പോലും പറയാൻ തയ്യാറായില്ല. ഇതോടെ പ്രതിപക്ഷം മണിപ്പൂർ മുദ്രാവാക്യം മുഴക്കി. മോദി മണിപ്പൂരിനെക്കുറിച്ച് സംസാരിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു.

# ക്രിസ്ത്യാനികളുടെ സുരക്ഷ ഉറപ്പുവരുത്തും : ഇസ്രായേൽ



ജെറുസലേം: ജറുസലേമിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജെറുസലേമിലെ ക്രൈസ്തവ ദേവാലയങ്ങളുടെ സുരക്ഷക്കും, ക്രിസ്ത്യൻ സമൂഹങ്ങളുടെ മതസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഇസ്രായേൽ പോലീസിന്റെ ഉറപ്പ്. ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ ക്രിസ്ത്യൻ സമൂഹങ്ങളുടെ ആശങ്കകൾ ദൂരികരിക്കുന്നതിനും, ക്രിസ്ത്യൻ സമൂഹവുമായുള്ള തുറന്ന സംവാദത്തിനും, ജെറുസലേമിലെ വിവിധ സഭാ പ്രതിനിധികളും പോലീസുമായുള്ള ബന്ധവും, പരസ്പര സഹകരണവും ശക്തിപ്പെടുത്തുന്നതിനുമായി ഇക്കഴിഞ്ഞ ചൊവ്വാഴ്ച ഇസ്രായേൽ പോലീസ് ക്രിസ്ത്യൻ നേതാക്കളുമായി നടത്തിയ പ്രത്യേക കൂടിക്കാഴ്ചക്കിടയിലായിരുന്നു ഈ വാഗ്ദാനം. ജെറുസലേം ജില്ലാ കമാൻഡർ ഡോറോൺ ടർജ്മാന്റെ നേതൃത്വത്തിൽ ടവർ ഓഫ് ഡേവിഡ് മ്യൂസിയത്തിൽവെച്ചായിരുന്നു കൂടിക്കാഴ്ച. ചർച്ച തന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും ക്രൈസ്തവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ പ്രതിജ്ഞാബദ്ധരുമാണെന്നും പോലീസും ക്രിസ്ത്യൻ നേതാക്കളുമായുള്ള പരസ്പര സഹകരണം തങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥവത്തായ ഒന്നാണെന്നും ടർജ്മാൻ പറഞ്ഞു.

കൂടിക്കാഴ്ചയുടെ ഭാഗമായി ജെറുസലേമിലെ പുരാതന നഗരത്തിലെ പോലീസ് ജില്ലാ കമാൻഡറായ അമീർ കോഹൻ ക്രൈസ്തവ ദേവാലയങ്ങൾക്കെതിരെ നടക്കുന്ന മതവിദ്വേഷ ആക്രമണങ്ങളെ തടയുന്നതിനായി പോലീസ് കൈകൊണ്ടിരിക്കുന്ന നടപടികളുടെ അവതരണം നടത്തി. ഇത്തരം ആക്രമണങ്ങൾ തീർച്ചയായും തടയുമെന്ന്! കോഹനും ഉറപ്പ് നൽകിയിട്ടുണ്ട്. ഈ വർഷം തുടക്കം മുതൽ ജെറുസലേമിലെ ക്രൈസ്തവ ദേവാലയങ്ങൾക്കും, വിശ്വാസികൾക്കും എതിരെ നടന്നിട്ടുള്ള പതിനാറോളം മതവിദ്വേഷ ആക്രമണങ്ങളെക്കുറിച്ച് പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. 'ഞങ്ങൾ ടൂറിസത്തേയാണ് പിന്തുണക്കുന്നത്, മിഷ്ണറിമാരെയല്ല' എന്ന് ജെറുസലേം ഡെപ്യൂട്ടി മേയർ അര്യെ കിംഗ് ഇക്കഴിഞ്ഞ ജൂണിൽ നടത്തിയ പരാമർശം വൻ വിവാദമായിരുന്നു. കഴിഞ്ഞ ജനുവരിയിൽ ജെറുസലേമിലെ ചരിത്രപരമായ പുരാതന നഗരത്തിലെ ക്രിസ്ത്യൻ കല്ലറകൾ രണ്ടു യഹൂദർ അലംകോലമാക്കിയതിനെതിരെ വിവിധ സഭാ നേതാക്കളും രംഗത്ത് വന്നതോടെ പോലീസ് ഇവരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഈഏതാനും ദിവസം മുൻപ് യഹൂദ മതമൗലീകവാദികൾ പുരാതന നഗരത്തിലെ ചർച്ച് ഓഫ് ദി അസംപ്ഷൻ ദേവാലയത്തിന് നേരെയും ആക്രമണം നടത്തിയിരിന്നു.

## മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം; ഡാളസ് റൈറ്റേഴ്സ് ഫോറം



'മണിപ്പൂരും ഭാരത ക്രൈസ്തവ സഭയുടെ അതിജീവന ചരിത്രം' എന്ന വിഷയത്തിൽ മാധ്യമ സെമിനാർ നടന്നു'

ഡാളസ്: കേരളാ പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ കരോൾട്ടണിലെ ഡാളസ് വർഷിപ്പ് സെന്ററിൽ 'മണിപ്പൂരും ഭാരത ക്രൈസ്തവ സഭയുടെ അതിജീവന ചരിത്രം' എന്ന വിഷയത്തിൽ മാധ്യമ സെമിനാർ നടന്നു. അച്ചൻകുഞ്ഞ് ഇലന്തൂർ, ജെയിസ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ മാധ്യമപ്രവർത്തകൻ പി.പി. ചെറിയാൻ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രസ്താവന വായിച്ചു.

ജോർജ്ജ് ടി. മാത്യൂ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഡാലസ് സിറ്റി വൈഡ് ചർച്ചസ് കോർഡിനേറ്റർ പാസ്റ്റർ മാത്യൂ ശാമുവേൽ പ്രാർത്ഥനയ്ക്ക് നേതൃത്വം  നൽകി. പാസ്റ്റർ ജോൺസൻ സഖറിയ അദ്ധ്യക്ഷത വഹിച്ചു. റൈറ്റേഴ്സ് ഫോറം സെക്രട്ടറി രാജൂ തരകൻ സ്വാഗതവും സാം മാത്യൂ നന്ദിയും പറഞ്ഞു. റൈറ്റേഴ്സ് ഫോറം പ്രസിഡണ്ട് തോമസ് മുല്ലയ്ക്കൽ നേതൃത്വം നൽകി. റൈറ്റേഴ്സ് ഫോറം ട്രഷറർ തോമസ് ചെല്ലേത്ത്, എസ്.പി ജെയിംസ്, വർഗ്ഗീസ് വർഗ്ഗീസ് എന്നിവർ സംസാരിച്ചു

## ക്രിസ്ത്യൻ,മുസ്ലിം വ്യാപാരികൾക്ക് വിലക്കേർപ്പെടുത്തി മധ്യപ്രദേശിലെ ഗ്രാമം

ഭോപ്പാൽ:; മധ്യപ്രദേശിലെ ഗ്രാമത്തിൽ വ്യാപരികളായ ക്രിസ്ത്യാനികൾക്കും , മുസ്ലിം വിഭാഗക്കാർക്കും വിലക്കേർപ്പെടുത്തി. അശോക് നഗർ ജില്ലയിലെ ധാതുരിയ ഗ്രാമമാണ് വ്യാപാരികൾക്ക് വിലക്കേർപ്പെടുത്തിയത്. ക്രിസ്ത്യൻ, മുസ്ലിം, വ്യാപാരികൾക്ക് വിലക്കേർപ്പെടുത്തി ഗ്രാമമുഖ്യന്റെ പേരിൽ പോസ്റ്ററും പതിച്ചിരുന്നു. എന്നാൽ അധികൃതർ ഈ പോസ്റ്റർ നീക്കം ചെയ്തിട്ടുണ്ട്. ഗ്രാമവാസികളുടെ യോഗത്തിലായിരുന്നു ഇരുവിഭാഗങ്ങൾക്കും വിലക്കേർപ്പെടുത്താനുള്ള തീരുമാനം എടുത്തത്. പോസ്റ്റർ നീക്കം ചെയ്തെങ്കിലും വിലക്ക് ഇനിയും തുടരുമെന്ന് ഗ്രാമ മുഖ്യൻ അറിയിച്ചു. ഗ്രാമത്തിൽ പ്രവേശിക്കുന്ന വ്യാപാരികളുടെ ആധാർ കാർഡ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകൾ പരിശോധിക്കുമെന്നും ഗ്രാമ മുഖ്യൻ വ്യക്തമാക്കിയിട്ടുണ്ട്.

## പാസ്റ്റർ ജെയിംസ് ചെറിയാൻ കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു



പത്തനംതിട്ട: കുറിയന്നൂർ, വലിയപനംതോട്ടത്തിൽ പാസ്റ്റർ ജെയിംസ് ചെറിയാൻ കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു.

ഇറ്റാർസി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫെല്ലോഷിപ് ഓഫ് പെന്തക്കോസ്തൽ ചർച്ചസ് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററും  വൈസ് പ്രസിഡന്റും,സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്ഥാപകനുമാണ്.പാസ്റ്റർ ജെയിംസ് ചെറിയാൻ .കഴിഞ്ഞ 50ൽ പരം വർഷങ്ങളായി എഫ്. പി. സി. ജിയുടെ  പ്രവർത്തകനായിരുന്നു.

ഭാര്യ തങ്കമ്മ ജെയിംസ്, മീൻകുഴി ചിറ്റാർ സ്വദേശി മക്കൾ ജെൻസി എബ്രഹാം, പാസ്റ്റർ ജെയ്സൺ ചെറിയാൻ(എഫ്. പി. സി. ജി. ഹോഷങ്ങബാദ് )ജനി ഈപ്പൻ. മരുമക്കൾ:നിജു എബ്രഹാം, സ്നേഹ ജെയ്സൺ,, ഈപൻ പുളിക്കൽ.

സംസ്കാരം.12.08.2023 ശനിയാഴ്ച രാവിലെ10 മണിക്ക് ഭവനത്തിലെ ശിശ്രുഷകൾക്കു ശേഷം ഹോഷങ്ങബാദ് ക്രിസ്ത്യൻ സെമിത്തേരിയിൽ

വാർത്ത : എ. റ്റി. എബ്രഹാം, റായിപൂർ


Bhakta Smarana
August 12th Saturday @ 7.30 PM
INDIAN ASSOCIATION HALL , NAKHEEL, RAS AL KHAIMA


CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA
PRODUCTION
LIVE STREAMING